## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 660** **04/02/2020-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ടി.ജെ. വിനോദ്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എ.പി. അനിൽ കുമാർ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന സഹകരണ ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകൾ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുമ്പോൾ സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തതയും, നെറ്റ് വർത്തും ആർ.ബി.ഐ. മാനദണ്ഡം അനുസരിച്ചായിരിക്കണമെന്നും, അതിന് എന്തെങ്കിലും കുറവ് വന്നാൽ അത് സർക്കാർ നികത്തണമെന്നും നിബന്ധന ഉണ്ടായിരുന്നോ; വ്യക്തമാക്കുമോ; | (എ) | റിസർവ്വ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നൽകിയപ്പോൾ അതിൽ ഒരു നിബന്ധനയായി നിയമപരമായ മാനദണ്ഡ പ്രകാരമുള്ള മൂലധന പര്യാപ്തതയും നെറ്റ് വർത്തും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിബന്ധന സർക്കാർ പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിനായി സർക്കാർ എന്ത് തുകയാണ് സംസ്ഥാന സഹകരണ ബാങ്കിന് നൽകിയത്; വിശദമാക്കുമോ; | (ബി) | മൂലധന പര്യാപ്തതയും നെറ്റ് വർത്തും കൈവരിക്കുന്നതിനാവശ്യമായ തുക ആവശ്യം വരുന്ന പക്ഷം സർക്കാർ സംസ്ഥാന സഹകരണ ബാങ്കിന് നൽകുമെന്ന് അന്തിമ അനുമതിക്ക് അപേക്ഷിക്കുന്ന വേളയിൽ റിസർവ്വ് ബാങ്കിനെ അറിയിച്ചിരുന്നു. നിർദ്ദിഷ്ട കേരള ബാങ്കിന് **9%** മൂലധന പര്യാപ്തത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന സഹകരണ ബാങ്കിന്റെ ക്രമരഹിത ഇടപെടൽ മൂലം ആസ്തികൾ നഷ്ടമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി കരുതൽ സൂക്ഷിക്കണമെന്ന വ്യവസ്ഥയുടെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (സി) | അസറ്റ് ക്വാളിറ്റി നിലനിർത്തുന്നതിന് വേണ്ടിയുള്ള ഇടപെടലുകളും ആസ്തികളുടെ ഭാഗമായി മൂല്യ ശോഷണത്തിന് തുല്യമായ തുക കരുതൽ സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.